തർബിയ്യത്ത്

●

ഡോ. യൂസുഫുൽ ഖറദാവി

# ആത്മാർഥതയുടെ സദ്ഫലങ്ങൾ

**അല്ലാഹുവിന്റെ** പ്രീതിമാത്രം ലക്ഷ്യം വെച്ച് ആത്മാർഥതയോടെ കർമങ്ങൾ ചെയ്യുമ്പോൾ അത് ജീവിതത്തിൽ നിരവധി സദ്ഫലങ്ങൾ പ്രദാനം ചെയ്യും. അവയിൽ ചിലത് ചുവടെ വിവരിക്കാം.

### ആത്മശാന്തി

വാക്കും പ്രവൃത്തിയും ആത്മാർഥമാണെങ്കിൽ അത് മനഃശാന്തിയും ഹൃദയ വിശാലതയും നൽകും. കാരണം, അല്ലാഹുവിന്റെ പ്രീതി എന്ന ഏകലക്ഷ്യത്തിൽ അവന്റെ മനസ്സ് കേന്ദ്രീകരിക്കുകയാണ്. ദൈവികപ്രീതി നേടിത്തരുന്ന മാർഗത്തിലൂടെ ചരിക്കുക എന്ന ഒരൊറ്റ ലക്ഷ്യമേ അവനുള്ളൂ. ലക്ഷ്യം വ്യക്തമാവുകയും അതിലേക്കുള്ള മാർഗം വളവും തിരിവുമില്ലാത്തതാവുകയും ചെയ്താൽ വഴികളുടെ ആധിക്യമോ ആഗ്രഹങ്ങളുടെ ഏറ്റുമുട്ടലോ മനുഷ്യനെ അസ്വസ്ഥനോ ചഞ്ചലനോ ആക്കുകയില്ല.

ഏകദൈവവിശ്വസിയായ മനുഷ്യനെ ഒറ്റ യജമാനൻ മാത്രമുള്ള അടിമയായി അല്ലാഹു ഉപമിക്കുന്നുണ്ട്. ബഹുദൈവവിശ്വാസിയെ ധാരാളം യജമാനന്മാരുള്ള അടിമയോടും ഉപമിക്കുന്നു. ആ യജമാനന്മാർ ഓരോരുത്തരും പരസ്പര വിരുദ്ധമായ കാര്യങ്ങൾ അവനോട് കല്പിക്കുന്നു. അവർ ഓരോരുത്തരും അവനിൽ നിന്ന് ആഗ്രഹിക്കുന്നത് പലതരം കാര്യങ്ങളാണ്. അങ്ങനെ അവന്റെ ലക്ഷ്യവും മനസ്സുമെല്ലാം ശിഥിലമാവുന്നു.

"അല്ലാഹു ഇതാ ഒരു ഉദാഹരണം പറയുന്നു: ഒരു മനുഷ്യൻ, ദുഷ്ടൻമാരും അവനെ താന്താങ്ങളിലേക്ക് പിടിച്ചുവലിക്കുന്നവരുമായ അനേകം യജമാനന്മാർ അവന്റെ ഉടമസ്ഥതയിൽ പങ്കാളികളാണ്. മറ്റൊരാളോ, ഒരേയൊരു യജമാനന്റെ ദാസൻ. ഈ രണ്ടുപേരുടെയും അവസ്ഥ ഒരു പോലെയാവുമോ?" (*അസ്സുമർ* 29).

അങ്ങനെ അല്ലാഹുവിന് മാത്രം ആത്മാർഥമായി വഴിപ്പെടുന്നതിലൂടെ ഇതരർക്കുള്ള വഴിപ്പെടലിന്റെ നാശത്തിൽ നിന്ന് വിശ്വാസിയായ മനുഷ്യൻ മോചനം നേടുന്നു. ദീനാറിന്റെയും ദിർഹമിന്റെയും മേത്തരം വസ്ത്രങ്ങളുടെയും അടിമ നശിക്കുന്നു. അല്ലാഹുവിന് മാത്രം വഴിപ്പെടുന്നവൻ ഐശ്വര്യപൂർണനായിത്തീരുന്നു.

### ആത്മീയ ശക്തി

ആത്മാർഥത (ഇഖ്ലാസ്) വമ്പിച്ച ആത്മീയ ശക്തി നേടിത്തരുന്നു. കർമങ്ങളുടെ ആത്യന്തിക ലക്ഷ്യമായി സമ്പത്തിനെയോ സ്ഥാനമാനങ്ങളെയോ കണക്കാക്കുന്നവൻ അങ്ങേയറ്റം ബലഹീനനാണ്. താൻ ആഗ്രഹിക്കുന്ന കാര്യങ്ങളുടെ കടിഞ്ഞാൺ കൈപ്പിടിയിലൊതുക്കിയവരുടെ മുന്നിൽ അവൻ അത്യന്തം ദുർബലൻ.

താൻ പ്രതീക്ഷയർപ്പിക്കുന്ന സമ്പത്ത് നശിക്കുമെന്ന് ഭയപ്പെടുമ്പോൾ അവൻ അശക്തനാവുന്നു. അതേസമയം അല്ലാഹുവിന് എന്തും വിൽക്കാൻ തയാറായ ഒരുവൻ വമ്പിച്ച ശക്തിയും കഴിവുകളുമാണ് നേടിയെടുക്കുന്നത്. അങ്ങനെ തന്റെ ആത്മാർഥത വഴി എല്ലാ ഭൗതികശക്തികളേക്കാളും മികച്ച ശക്തി അവന് ലഭിക്കും.

നസാഈ റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ (സനദ് ദുർബലം), അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യമാക്കി കർമങ്ങൾ അനുഷ്ഠിക്കുന്നവർക്ക് കൈവരുന്ന ശക്തിയുടെ തോത് വരച്ചുകാണിക്കുന്നുണ്ട്. അനസി(റ)ൽ നിന്ന് നിവേദനം: അല്ലാഹു ആകാശത്തെ സൃഷ്ടിച്ചപ്പോൾ അത് ആടിയുലയാൻ തുടങ്ങി. അപ്പോൾ അവൻ പർവതങ്ങൾ സൃഷ്ടിച്ച് അതിൽ സ്ഥാപിച്ചു. അന്നേരം പർവതങ്ങളുടെ സൃഷ്ടിപ്പിൽ അത്ഭുതപ്പെട്ട മലക്കുകൾ ചോദിച്ചു: 'നാഥാ, പർവതങ്ങളേക്കാൾ ശക്തമായ വല്ലതും നിന്റെ സൃഷ്ടികളിൽ ഉണ്ടോ?' അല്ലാഹു പറഞ്ഞു: 'തീർച്ചയായും; ഇരുമ്പാണത്.' മലക്കുകൾ ചോദിച്ചു: 'നാഥാ, ഇരുമ്പിനേക്കാൾ ശക്തമായ വല്ലതും നിന്റെ സൃഷ്ടികളിൽ ഉണ്ടോ?' അല്ലാഹു പറഞ്ഞു: 'അതെ; തീയാണത്.' മലക്കുകൾ ചോദിച്ചു: 'നാഥാ, തീയേക്കാൾ ശക്തമായ വല്ലതും നിന്റെ സൃഷ്ടികളിൽ ഉണ്ടോ?' അല്ലാഹു പറഞ്ഞു: 'ഉണ്ട്; വെള്ളമാണത്.' മലക്കുകൾ ചോദിച്ചു: 'നാഥാ, വെള്ളത്തേക്കാൾ ശക്തമായ വല്ലതും നിന്റെ സൃഷ്ടികളിൽ ഉണ്ടോ?' അല്ലാഹു പറഞ്ഞു: 'തീർച്ചയായും; കാറ്റാണത്.' മലക്കുകൾ വീണ്ടും ചോദിച്ചു: 'നാഥാ, കാറ്റിനേക്കാൾ ശക്തമായ വല്ലതും നിന്റെ സൃഷ്ടികളിൽ ഉണ്ടോ?' അല്ലാഹു പറഞ്ഞു: 'ഉണ്ട്; തന്റെ ഇടതുകൈപോലും അറിയാതെ വലതുകൈകൊണ്ട് ദാനം ചെയ്യുന്ന മനുഷ്യൻ.'

ഭൗതിക ശക്തികളേക്കാൾ മഹോന്നതമാണ് ആത്മീയശക്തി എന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. അതായത്, അല്ലാഹുവിലുള്ള ആത്മാർഥതയാൽ മാത്രം കർമം ചെയ്യുന്ന മനുഷ്യൻ ആണിയടിച്ചപോലെ ഉറപ്പിച്ചുനിർത്തിയ മലകളേക്കാൾ, മല തുരക്കുന്ന ഇരുമ്പിനേക്കാൾ, ഇരുമ്പുരുക്കുന്ന അഗ്നിയേക്കാൾ, അഗ്നിയണക്കുന്ന വെള്ളത്തേക്കാൾ, ജലവാഹിയായ കാറ്റിനേക്കാൾ ശക്തനായിരിക്കുമെന്നർഥം.

ഇതേ ആശയം ധ്വനിപ്പിക്കുന്ന ഒരു കഥ ഇമാം ഗസ്സാലി തന്റെ *ഇഹ്‌യാ ഉലൂമിദ്ദീനി*ൽ ഉദ്ധരിച്ചിട്ടുണ്ട്. ആത്മാർഥത ഒരാൾക്ക് നൽകുന്ന അസാധാരണമായ ശക്തിവിശേഷമാണ് അതിൽ പ്രതിപാദിക്കുന്നത്.

കഥയിങ്ങനെയാണ്: ഒരിടത്തൊരു ദൈവദാസനുണ്ടായിരുന്നു. താൻ ജീവിക്കുന്ന പ്രദേശത്ത് ജനങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്ന ഒരു വൃക്ഷത്തെ കുറിച്ച് കേട്ടറിഞ്ഞ അദ്ദേഹം അത് വെട്ടിമുറിക്കാൻ കോടാലിയുമായി പുറപ്പെട്ടു. വഴിയിൽ ഇബ്‌ലീസ് അദ്ദേഹത്തെ തടഞ്ഞു. ആ മരം വെട്ടരുതെന്ന് ഇബ്‌ലീസ് അയാളോട് ആവശ്യപ്പെട്ടു. അദ്ദേഹം വഴങ്ങിയില്ല. അവർ തമ്മിൽ ഏറ്റുമുട്ടി. അദ്ദേഹം ഇബ്‌ലീസിനെ മലർത്തിയടിച്ചു. അന്നേരം ഇബ്‌ലീസ് ഒരു കുതന്ത്രം പ്രയോഗിച്ചു. ഇബ്‌ലീസ് പറഞ്ഞു: "താങ്കൾ ആ വൃക്ഷം മുറിക്കാതെ തിരിച്ചുപോകണം. അത് മുറിച്ചതുകൊണ്ട് താങ്കൾക്ക് യാതൊരു പ്രയോജനവും ലഭിക്കാനില്ല. അത് മുറിച്ചുകളഞ്ഞാൽ ആളുകൾ വേറെ മരത്തെ ആരാധിക്കും. അതിനാൽ ഇപ്പോൾ താങ്കൾ തിരിച്ചുപോവുകയാണെങ്കിൽ ഇന്നുമുതലുള്ള ഓരോ ദിവസവും ഓരോ ദീനാർ വീതം ഞാൻ താങ്കൾക്ക് നൽകിക്കൊണ്ടിരിക്കും. താങ്കളുടെ തലയണക്കടിയിൽ ഞാനത് വെക്കും. താങ്കൾക്ക് അത് പ്രയോജനപ്പെടുത്താം. ദരിദ്രർക്ക് ദാനം ചെയ്യുകയുമാവാം." ദീർഘ സംഭാഷണത്തിനു ശേഷം അദ്ദേഹം വഴങ്ങി. ഇബ്‌ലീസ് മുൻകൂറായി നല്ല ഒരു സംഖ്യ നൽകുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ ഓരോ ദിർഹം വീതം തന്റെ

തലയണക്കടിയിൽ നിന്ന് അയാൾക്ക് കിട്ടിക്കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം തലയണ പൊക്കിനോക്കിയപ്പോൾ ദീനാർ കാണുന്നില്ല. ഏതാനും നാളുകൾ അയാൾ ക്ഷമയോടെ കാത്തിരുന്നു. വഴിയിൽവെച്ച് കണ്ട ആ സുഹൃത്ത് തന്റെ വാഗ്ദാനം പാലിക്കുമെന്ന് അയാൾ പ്രതീക്ഷിച്ചു. പക്ഷേ കാത്തിരിപ്പ് വൃഥാവിലായി. ഒടുവിൽ കോടാലിയുമായി വീണ്ടും അയാൾ മരം മുറിക്കാനായി പുറപ്പെട്ടു. വഴിയിൽ വെച്ച് ആ പഴയ സുഹൃത്ത് (ഇബ്‌ലീസ്) അയാളെ കണ്ടു. മരം മുറിക്കുന്നതിൽ നിന്ന് പിന്തിരിയാൻ ഇബ്‌ലീസ് ആവശ്യപ്പെട്ടു. വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ ഭീഷണിപ്പെടുത്തി. ഒടുവിൽ ഇരുവരും ഏറ്റുമുട്ടി. പക്ഷേ ഇബ്‌ലീസ് വളരെ നിഷ്പ്രയാസം അയാളെ കീഴ്പെടുത്തി.

അയാൾ ചോദിച്ചു: "ഇത്തവണ എന്നെ തോൽപിക്കാൻ നിനക്കെങ്ങനെയാണ് സാധിച്ചത്?" ഇബ്‌ലീസ് പറഞ്ഞു: "കഴിഞ്ഞ തവണ നീ എന്നെ തോൽപിച്ചു. കാരണം, അന്ന് നിന്റെ കോപം അല്ലാഹുവിന് വേണ്ടിയായിരുന്നു. അതിനാൽ തന്നെ എന്നെക്കാൾ ശക്തി നിനക്കുണ്ടായിരുന്നു. എന്നാൽ ഇത്തവണ നീ കോപിച്ചത് ദീനാർ ലഭിക്കാത്തതുകൊണ്ടാണ്. അതുകൊണ്ടു തന്നെ മുമ്പുണ്ടായിരുന്ന ശക്തി ഇപ്പോൾ നിനക്കില്ല. നീ എന്റെ മുമ്പിൽ പരാജയപ്പെടാനുള്ള കാരണമതാണ്."

സമ്പത്തിനുവേണ്ടിയുള്ള കോപവും അല്ലാഹുവിന് വേണ്ടിയുള്ള കോപവും തമ്മിലുള്ള അന്തരമാണിത്. അല്ലാഹുവിനോട് ആത്മാർഥത കാണിക്കുന്നവൻ പ്രലോഭനങ്ങൾക്ക് വശംവദനാവുകയോ ഭീഷണികൾക്ക് വഴങ്ങുകയോ ഇല്ല. പ്രവാചകനാണ് അവന്റെ മാതൃകാപുരുഷൻ. പ്രബോധനമാർഗത്തിൽ നിന്ന് തന്നെ തടയുന്നതിന് വേണ്ടി അധികാരവും സമ്പത്തും സ്ഥാനമാനങ്ങളും വാഗ്ദാനം ചെയ്ത ശത്രുക്കളോട് ദൃഢസ്വരത്തിൽ പ്രവാചകൻ പറഞ്ഞു: "അല്ലാഹുവാണ, ഈ ദൗത്യം ഉപേക്ഷിക്കുന്നതിനു നിങ്ങൾ എന്റെ വലതുകൈയിൽ സൂര്യനെയും ഇടതുകൈയിൽ ചന്ദ്രനെയും വെച്ചു തന്നാലും ഞാൻ അപ്രകാരം ചെയ്യില്ല." സമ്പത്തിനോടോ അധികാരത്തോടോ തിരുമേനിയുടെ മനസിൽ വല്ല താൽപര്യവുമുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പ്രതികരണം ദുർബലമാവുമായിരുന്നു.

## പ്രവർത്തനനൈരന്തര്യം

ആത്മാർഥത ഒരുവന് നിരന്തരമായി കർമങ്ങൾ അനുഷ്ഠിക്കാനുള്ള പ്രചോദനം നൽകുന്നു. ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവൻ, ഉദരപൂരണത്തിനോ ലൈംഗികതൃഷ്ണയുടെ ശമനത്തിനോ വേണ്ടി പ്രവർത്തിക്കുന്നവൻ തന്റെ ആഗ്രഹം സഫലമാവാതെ വരുമ്പോൾ പ്രസ്തുത ഉദ്യമം അവസാനിപ്പിക്കുന്നു. പേരിനും പ്രശസ്തിക്കും വേണ്ടി കർമങ്ങൾ അനുഷ്ഠിക്കുന്നവൻ തന്റെ ലക്ഷ്യം വിദൂരമാണെന്ന് മനസ്സിലാക്കുമ്പോൾ പിറകോട്ടടിക്കുന്നു. ഭരണാധികാരിയുടെ പ്രീതി ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നവൻ അയാൾ സ്ഥാനഭ്രഷ്ടനാവുന്നതോടെ അല്ലെങ്കിൽ മരിക്കുന്നതോടെ പിൻമാറുന്നു.

എന്നാൽ അല്ലാഹുവിന് വേണ്ടി പ്രവർത്തിക്കുന്നവൻ ഒരിക്കലും തന്റെ കർമങ്ങൾ നിർത്തുകയോ അതിൽ നിന്ന് പിറകോട്ടടിക്കുകയോ ഇല്ല. കാരണം അവൻ പ്രവർത്തിക്കുന്നത് നിത്യനും ഒരിക്കലും നശിക്കാത്തവനുമായ അല്ലാഹുവിന് വേണ്ടിയാണ്. അവന്റെ സത്തയല്ലാത്തതൊക്കെയും നശ്വരമാണ്.

അതിനാലാണ് പൂർവികർ പറഞ്ഞത്: "അല്ലാഹുവിനുവേണ്ടിയുള്ള കർമങ്ങൾക്ക് നൈരന്തര്യമുണ്ടാവും. അല്ലാഹുവേതരർക്കുള്ള കർമങ്ങൾക്ക് ഇടക്കുവെച്ച് നിലച്ചുപോവും. എക്കാലത്തും എവിടെയും അങ്ങനെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്ന

ത്.”

## സാധാരണകാര്യങ്ങൾ ഇബാദത്തായി മാറുന്നു

ആത്മാർഥത ഒരു 'ഇലിക്സിർ' (വിവിധലോഹങ്ങളെ സ്വർണമാക്കി മാറ്റാൻ കഴിയുന്ന ഒരു സാങ്കൽപിക ദ്രാവകം) ആണ്. അനുവദനീയമോ സാധാരണമോ ആയ കർമങ്ങളുടെ മേൽ അത് ഒഴിച്ചാൽ അവയെ അത് ഇബാദത്താക്കി മാറ്റും.

പ്രവാചകൻ(സ) സഅ്ദി(റ)നോട് പറഞ്ഞു: “അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നീ എന്ത് ചെലവഴിച്ചാലും അതിന്റെ പേരിൽ നിനക്ക് പ്രതിഫലം ലഭിക്കും. നീ നിന്റെ ഭാര്യയുടെ വായിൽ വെച്ച് കൊടുക്കുന്ന ഉരുളക്ക് പോലും” (ബുഖാരി, മുസ്‌ലിം).

അവരുടെ വിശപ്പും ദാഹവും അവർ ചെലവഴിക്കുന്നതുമെല്ലാം അല്ലാഹുവിങ്കലുള്ള നന്മയുടെ കണക്കുപുസ്തകത്തിൽ രേഖപ്പെടുത്തപ്പെടും; അവ അല്ലാഹുവിന്റെ മാർഗത്തിലായിരിക്കുന്നേടത്തോളം കാലം. ദൈവികദീനിന്റെ ഉന്നമനത്തിനായി ഒരു മുസ്‌ലിം ഇത്തരം കാര്യങ്ങൾ നിർവഹിക്കുമ്പോൾ അവ 'അല്ലാഹുവിന്റെ മാർഗത്തിൽ' ആയിത്തീരുന്നു. ദൈവികസരണിയിലെ പോരാട്ടത്തിനായി ഒരു കുതിരയെ പരിപാലിക്കുന്നതിനുള്ള പ്രതിഫലം വളരെ ശ്രേഷ്ഠമായിരിക്കുമെന്ന് പ്രവാചകൻ പഠിപ്പിച്ചു. അബൂഹുറയ്‌റയിൽ നിന്ന് നിവേദനം: പ്രവാചകൻ പറഞ്ഞു: “അല്ലാഹുവിൽ അടിയുറച്ചു വിശ്വസിച്ചും അവന്റെ വാഗ്ദാനങ്ങൾ സത്യമാണെന്ന് അംഗീകരിച്ചും അല്ലാഹുവിന്റെ മാർഗത്തിൽ ഒരാൾ ഒരു കുതിരയെ പ്രത്യേകം പോറ്റിവളർത്തിയാൽ അതിന്റെ തീറ്റയും കുടിയും മലവും മൂത്രവുമെല്ലാം അന്ത്യനാളിൽ അവന്റെ നന്മയുടെ തുലാസിലുണ്ടാവും” (ബുഖാരി, മുസ്‌ലിം).

## കർമം ചെയ്തില്ലെങ്കിലും പൂർണ പ്രതിഫലം

ആത്മാർഥമായി കർമങ്ങൾ അനുഷ്ഠിക്കുന്നവന് ഏതെങ്കിലും കർമം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിലും ആ കർമത്തിന്റെ പൂർണമായ പ്രതിഫലം നേടാൻ കഴിയും. “ഒരുവൻ അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും പലായനം ചെയ്യുന്നവനായി സ്വവസതിയിൽ നിന്ന് പുറപ്പെടുകയും വഴിക്കുവെച്ച് മരണപ്പെടുകയും ചെയ്താൽ അവന്റെ പ്രതിഫലം അല്ലാഹുവിങ്കൽ ഉറച്ചതുതന്നെ.”

അനസി(റ)ൽ നിന്ന് നിവേദനം: പ്രവാചകന്റെ കൂടെ തബൂക്ക് യുദ്ധം കഴിഞ്ഞ് ഞങ്ങൾ മടങ്ങിയെത്തി. അപ്പോൾ പ്രവാചകൻ പറഞ്ഞു: ചില ആളുകളെ മദീനയിൽ വിട്ടേച്ചുകൊണ്ടാണ് നാം പുറപ്പെട്ടത്. നാം ഓരോ താഴ്‌വര താണ്ടിക്കടക്കുമ്പോഴും അവർ (മാനസികമായി) നമ്മോടൊപ്പമുണ്ടായിരുന്നു. പ്രയാസങ്ങളാണ് അവരെ തടഞ്ഞുനിർത്തിയത്” (ബുഖാരി).

അബുദ്ദർദാഇൽ നിന്ന് നിവേദനം; പ്രവാചകൻ പറഞ്ഞു: “രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരാൾ തന്റെ വിരിപ്പിൽ കിടന്നുറങ്ങുന്നു. എന്നാൽ ഉറക്കം അതിജയിച്ചതിനാൽ പ്രഭാതത്തിലേ അവൻ ഉണർന്നുള്ളൂ. എന്നാലും അവൻ ഉദ്ദേശിച്ചത് അല്ലാഹു രേഖപ്പെടുത്തും. അത് തന്റെ നാഥൻ അവന് നൽകുന്ന ദാനമാണ്” (നസാഈ, ഇബ്നുമാജ).

പ്രവാചകൻ പറഞ്ഞു: “സത്യസന്ധമായി ആരെങ്കിലും അല്ലാഹുവോട് രക്തസാക്ഷ്യം (ശഹാദത്ത്) ആവശ്യപ്പെട്ടാൽ അല്ലാഹു അവനെ രക്തസാക്ഷിയുടെ പദവിയിലേക്കുയർത്തും; അവൻ തന്റെ വിരിപ്പിൽ കിടന്നാണ് മരിക്കുന്നതെങ്കിലും” (മുസ്‌ലിം).

രക്തസാക്ഷ്യത്തിനുള്ള തേട്ടം സത്യസന്ധമായിരിക്കണമെന്ന് ഈ തിരുവചനം

നിബന്ധന വെക്കുന്നത് ശ്രദ്ധേയമാണ്. കാരണം, നാവിന്റെ വർത്തമാനങ്ങൾ എല്ലായ്പ്പോഴും ഉള്ളിൽ തട്ടിക്കൊണ്ടുള്ളതാവണമെന്നില്ലല്ലോ.

ആത്മാർഥമായി കർമം ചെയ്യുന്നവൻ അത് ശരിയായ രൂപത്തിലല്ല ചെയ്യുന്നതെങ്കിൽ പോലും, അവന്റെ സദുദ്ദേശ്യം പരിഗണിച്ച് ആ കർമം മൂലം അല്ലാഹുവിലേക്കടുക്കാൻ കഴിയും. അവന്റെ ഉദ്ദേശ്യം അവന് ശിപാർശകനായി വരും. അത് അവന്റെ കർമത്തിലെ ന്യൂനതകൾ പരിഹരിക്കും. ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം:

ഒരാൾ മൂന്ന് രാത്രികളിൽ ദാനം ചെയ്യുകയുണ്ടായി. പക്ഷേ, യാദൃഛികമായി ആദ്യ ദിവസം അദ്ദേഹത്തിന്റെ ദാനം ലഭിച്ചയാൾ ഒരു കള്ളനായിരുന്നു. രണ്ടാം ദിവസം അത് ലഭിച്ചത് ഒരു വ്യഭിചാരിണിക്കായിരുന്നു. മൂന്നാം ദിവസം അത് ലഭിച്ചയാൾ ഒരു ധനികനായിരുന്നു. എന്നാൽ ഏതവസ്ഥയിലും അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുമായിരുന്നു. അതിനാൽ അല്ലാഹു അയാളുടെ ഹൃദയത്തിൽ സ്ഥൈര്യവും മനസ്സിന് വിശാലതയും നൽകാൻ ഉദ്ദേശിച്ചു. ഒരു ദിവസം സ്വപ്നത്തിൽ ഒരാൾ വന്ന് അദ്ദേഹത്തോട് പറഞ്ഞു: "ഒരു കള്ളന് താങ്കൾ സ്വദഖ നൽകിയില്ലേ. ഒരുപക്ഷേ അതുമൂലം അയാൾ തന്റെ മോഷണം അവസാനിപ്പിച്ചേക്കാം. അതുപോലെ ആ വ്യഭിചാരിണി അവളുടെ വേശ്യാവൃത്തി അവസാനിപ്പിച്ചേക്കാം. ആ ധനികൻ നിന്റെ പ്രവൃത്തിയിൽ നിന്ന് പാഠമുൾക്കൊള്ളുകയും അല്ലാഹു തനിക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്തേക്കാം." ഉദ്ദേശ്യത്തിന്റെ പരിശുദ്ധി കാരണം അയാളുടെ ദാനം അല്ലാഹു സ്വീകരിച്ചു.

## പ്രതിസന്ധി ഘട്ടങ്ങളിലെ ദൈവിക സഹായം

നിഷ്കളങ്കനായ വിശ്വാസിക്ക് ഉറങ്ങാത്ത കണ്ണുകളോടെ അല്ലാഹു കാവൽനിൽക്കും. വിപത്തുകളും പ്രയാസങ്ങളും വലയം ചെയ്യുമ്പോൾ അവനെ തനിച്ചാക്കി അല്ലാഹു മാറിനിൽക്കുകയില്ല. അവന്റെ പ്രാർഥനക്ക് അല്ലാഹു ഉത്തരമേകും. അവന്റെ വിളി കേൾക്കും. അവനെ ആവരണം ചെയ്തിട്ടുള്ള ബുദ്ധിമുട്ടുകൾ ദൂരീകരിക്കും.

ഈ വിഷയകമായി ഖുർആൻ വിവരിച്ച അത്ഭുതകരമായ ഒന്നാണ് ബഹുദൈവവിശ്വാസികളുടെ പ്രാർഥനക്കുള്ള അല്ലാഹുവിന്റെ ഉത്തരം നൽകൽ: "അവർ ഒരു കപ്പലിൽ യാത്ര ചെയ്യുകയാണ്. അന്നേരം അതിശക്തമായ കാറ്റും കോളുമുണ്ടാവുന്നു. നാനാഭാഗത്തുനിന്നും പടുകൂറ്റൻ തിരമാലകൾ ആ കപ്പലിനു നേരെ ഉയർന്നു വരുന്നു. ആ വിപത്സന്ധിയിൽ അവർ ആത്മാർഥതയോടെ അല്ലാഹുവിനോട് കേഴുന്നു. അല്ലാഹു അവരെ രക്ഷിക്കുന്നു. പിന്നീട് അവർ വാക്ക് മാറ്റുന്നുണ്ടെങ്കിലും" (*യൂനുസ്* 22,23).

അല്ലാഹുവിനോട് ആത്മാർഥമായി പ്രാർഥിച്ചതിനാലാണ് അവരെ രക്ഷപ്പെടുത്തുന്നത്. ആ സന്ദർഭത്തിൽ അടിസ്ഥാനപ്രകൃതിയിലേക്ക് അവർ മടങ്ങിവന്നു. അല്ലാഹുവല്ലാത്ത മറ്റൊരു ദൈവവും അവരുടെ മനസ്സിലേക്ക് കടന്നുവന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിഷ്കളങ്കരായ ദാസന്മാർ ഇല്ലാത്ത ഒരവസ്ഥ ഭൂമിയിൽ ഉണ്ടാവില്ല. ഭൗതികജീവിതത്തിന് വെള്ളവും വായുവും എപ്രകാരം അനിവാര്യമാണോ അപ്രകാരം ആത്മീയ ജീവിതത്തിന് അത്തരക്കാർ അത്യന്താപേക്ഷിതമാണ്.

## സമൂഹങ്ങളുടെ രക്ഷ

ആത്മാർഥതയുടെ ഫലം പരലോകജീവിതത്തിൽ പരിമിതമല്ല. അഥവാ അല്ലാഹുവിങ്കൽ കർമങ്ങൾ സ്വീകാര്യമാവുക, സ്വർഗം നേടുക, നരകത്തിൽ നിന്ന് മോചിതനാവുക എന്നിവയിൽ ഒതുങ്ങുന്നതല്ല അത്. അതിലുപരിയായി, ഇഹലോകത്തിലെ

കാര്യങ്ങൾ നേരെചൊവ്വേ നടക്കാൻ ആത്മാർഥത ആവശ്യമാണ്. സത്യം സ്ഥാപിതമാവാനും മിഥ്യ തകരാനും നന്മ വ്യാപിക്കാനും നീതി നിലനിൽക്കാനും അന്ധകാരവും അനീതിയും ഇല്ലാതാവാനും നാശത്തിൽ നിന്ന് സമൂഹങ്ങൾ മുക്തമാവാനും അത് അനിവാര്യമാണ്. ആത്മാർഥത അപ്രത്യക്ഷമാവുകയും കാപട്യം രംഗപ്രവേശം ചെയ്യുകയും കപടന്മാരുടെ ശബ്ദം ഉച്ചത്തിലാവുകയും അവരുടെ ചരക്കുകൾ വിറ്റഴിക്കപ്പെടുകയും ചെയ്യുമ്പോഴാണ് ജീവിതം താറുമാറാവുകയും സന്തുലിതത്വം നഷ്ടപ്പെടുകയും ചെയ്യുക. അത്തരം ആളുകൾക്ക് -അവരുടെ ദേഹേഛകളുടെയും ഭൗതികവും ക്ഷണികവുമായ താൽപര്യങ്ങളുടെയും മാർഗത്തിൽ- നീചന്മാരെ പുണ്യവാളൻമാരും, പിശാചുക്കളെ മാലാഖമാരും, കള്ളന്മാരെ മാന്യന്മാരുമായി ചിത്രീകരിക്കാനും മാന്യന്മാർക്കെതിരെ ആരോപണങ്ങളുന്നയിക്കാനും നിരപരാധികൾക്കെതിരെ കള്ളം പ്രചരിപ്പിക്കാനും മരീചികയെ വെള്ളമാക്കാനും യാതൊരു സങ്കോചവുമുണ്ടാവില്ല.

ഇഹലോകത്തോടും പണം, കീർത്തി, സ്ഥാനമാനങ്ങൾ, നേതൃത്വം പോലുള്ള അതിന്റെ വ്യാജഭാവങ്ങളോടുമുള്ള പ്രേമമാണ് ഫറോവമാരെയും ഏകാധിപതികളെയും സൃഷ്ടിച്ചത്. കപടന്മാരാണ് അതിന് അവർക്ക് കളമൊരുക്കുന്നത്. അവർ അവരുടെ പാദങ്ങൾ തൊട്ടുവന്ദിക്കുന്നു. അവരുടെ എല്ലാ പ്രവർത്തനങ്ങളെയും ന്യായീകരിക്കുന്നു. നാശത്തിൽ നിന്നും തകർച്ചയിൽ നിന്നുമെല്ലാം ഒരു ജനതയെ രക്ഷിക്കാൻ കഴിയുക അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവർക്ക് മാത്രമാണ്. ചുരുക്കത്തിൽ, ആത്മാർഥത കൊണ്ടല്ലാതെ ഇഹപര രക്ഷ പ്രാപിക്കാനാവില്ല.

(*അന്നിയ്യത്തു വൽ ഇഖ്ലാസ്* എന്ന പുസ്തകത്തിൽ നിന്ന്). ■

**വിവ: അബൂദർറ് എടയൂർ**